(ബി) എങ്കിൽ ഈ ആശുപത്രിയിൽ അടിയന്തിരമായി ഒരു ഗൈനക്കോളജി ഡോക്ടറെ നിയമിക്കുമോ;

(സി) ജില്ലാ ആശുപത്രിയിൽ അത്യാവശ്യം വേണ്ട മരുന്നുകളുടെ സ്റ്റോക്കില്ലാത്തതിനാൽ രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ടി ആശുപത്രിക്കാവശ്യമായ മരുന്നുകൾ ഉടനടി സപ്ലൈ ചെയ്യുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഈ ആശുപത്രിയിലെ ആംബുലൻസ് ആവശ്യക്കാർക്ക് കിട്ടാൻ ബുദ്ധിമുട്ടനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇതിലെ ഡ്രൈവർ അനധികൃതമായി ഡ്യൂട്ടിക്ക് ഹാജരാകാത്തത് സംബന്ധിച്ച് നടപടിയെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി എടുക്കുമോ?

ഉത്തരം

(എ) & (ബി) മഞ്ചേരി ജില്ലാ ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗത്തിൽ 6 ഡോക്ടർമാർ ഉണ്ട്. (സിവിൽ സർജൻ 3, അസിസ്റ്റന്റ് സർജൻ 3)

(സി) ജില്ലാ ആശുപത്രിയിലേക്കാവശ്യമായ വാർഷിക ആവശ്യകതാ പട്ടിക അനുസരിച്ച് ജില്ലാ മെഡിക്കൽ സ്റ്റോർ വഴിയാണ് മരുന്നുകൾ വാങ്ങുന്നത്. ടി ആശുപത്രിയിൽ മരുന്നുകളുടെ സ്റ്റോറാക്ക് ഇല്ലാത്തതിനാൽ രോഗികൾക്ക് ബുദ്ധിമുട്ടനുഭവപ്പെടുന്നതായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ജില്ലാ ആശുപത്രിയിൽ ഇപ്പോൾ ആവശ്യമായ മരുന്നുകൾ ലഭ്യമാണ്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ഡ്രൈവർ അനധികൃതമായി ഡ്യൂട്ടിക്ക് ഹാജരാകാത്തത് സംബന്ധിച്ച് പരാതിയൊന്നും ലഭിച്ചിട്ടില്ല. മലപ്പുറം ജില്ലാ ആശുപത്രിയിൽ പി. എസ്. സി. വഴി ഒരു ഡ്രൈവറെ പോസ്റ്റ് ചെയ്തിരുന്നു. അയാൾ സ്ഥലം മാറിപ്പോയി. പകരം ദിവസ വേതന വ്യവസ്ഥയിൽ ഒരു ഡ്രൈവറെ പോസ്റ്റ് ചെയ്തിട്ടുണ്ട്.

ഓമാനൂർ ആശുപത്രിയിലെ ഒഴിവുകൾ നികത്തുവാൻ നടപടി

128 [3827] *ശ്രീ. ഇസ്ഹാക് കുരിക്കൾ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ ഓമാനൂർ ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിയിട്ടുണ്ടോ; എങ്കിൽ എന്നുമുതൽ;

(ബി) ഈ ആശുപത്രിയിൽ ഡോക്ടർമാരുടെ ഒഴിവുകളുണ്ടോ; എങ്കിൽ ഏതെല്ലാം വിഭാഗത്തിൽ എത്ര ഒഴിവുകൾ ;

(സി) ഈ ഒഴിവുകൾ എന്നത്തേക്ക് നികത്തുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഓമാനൂർ പി. എച്ച്. സി. സി. എച്ച്. സി. ആയി ഉയർത്തിയിട്ടില്ല.

(ബി) ഉണ്ട്. ഒരു അസിസ്റ്റന്റ് സർജന്റെ ഒഴിവുണ്ട്.

(സി) ഒഴിവുള്ള ഡോക്ടറുടെ തസ്തികയിൽ ഇപ്പോൾ അഡ്ഹോക്ക് വ്യവസ്ഥയിൽ ഒരാൾ ജോലി നോക്കുന്നുണ്ട്. പി. എസ്. സി. അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് സ്ഥിരനിയമനം നടത്തി ഡോക്ടറുടെ ഒഴിവു നികത്തുന്നതാണ്.

ജോലിക്ക് ഹാജരാകാത്ത ആംബുലൻസ് ഡ്രൈവർമാർക്കെതിരെ നടപടി

129 [3828] *ശ്രീ. ഇസ്ഹാക് കുരിക്കൾ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ജില്ലാ ആശുപത്രിയിൽ ആംബുലൻസുകളിലെ ഡ്രൈവർമാർ ജോലിക്ക് ഹാജരാകാത്തതുമൂലം രോഗികൾ കഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടോ;

(സി) ജോലിക്ക് ഹാജരാകാത്ത ഡ്രൈവർമാരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) & (ഡി) ബാധകമല്ല.

കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിന്റെ വികസന പ്രവർത്തനം

130 [3829] *ശ്രീ. എ. സുജനപാൽ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ എന്തെല്ലാം വികസന പ്രവർത്തികളാണ് ഇപ്പോൾ നടന്നുവരുന്നത്; ഓരോ പ്രവർത്തിക്കും എത്ര രൂപ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവർത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly